നമ്പർ എസ്.എസ്.1/01/2017

പൊതുവിദ്യാഭ്യാസ ഡയറക്ടറാഫീസ്,
തിരുവനന്തപുരം, തീയതി 07-01-2017

## സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം-സംബന്ധിച്ച്.

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം 2017 ജനുവരി 27 വെള്ളിയാഴ്ച രാവിലെ 11 മണിക്ക് തിരുവനന്തപുരത്ത് ബഹു. മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

ഇതോടനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് സ്കൂളുകളിലും അധ്യയനത്തിന് തടസ്സം വരാത്ത വിധത്തിൽ സ്കൂൾ തലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് തുടക്കം കുറിക്കേണ്ടതാണ്. ഇതിനു മുന്നോടിയായി എല്ലാ വിദ്യാലയങ്ങളിലും അധ്യാപക രക്ഷാകർതൃസമിതിയും, പൂർവ്വ വിദ്യാർത്ഥി സമിതിയും വിളിച്ചുകൂട്ടി, ഇതു സംബന്ധിച്ച് ആശയവിനിമയം നടത്തേണ്ടതാണ്. 27-01-2017-ന് രാവിലെ 10 മണിക്ക് രക്ഷിതാക്കളും പൂർവ്വവിദ്യാർത്ഥികളും, വിദ്യാലയ അഭ്യുദയകാംക്ഷികളും ചേർന്ന് പൊതുവിദ്യാലയങ്ങളെ പ്ലാസ്റ്റിക് മാലിന്യ വിമുക്തമാക്കുന്നതിന്റെ ഭാഗമായി പ്ലാസ്റ്റിക് മാലിന്യങ്ങൾ കൂട്ടമായി നീക്കം ചെയ്ത് ഒരിടത്ത് സ്വരൂപിക്കേണ്ടതും ശുചിത്വമിഷൻ അധികൃതരുമായി ബന്ധപ്പെട്ട് അതു സ്കൂൾ കാമ്പസിൽ നിന്ന് മാറ്റുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്ത ശേഷം 11 മണിക്ക് ജനപ്രതിനിധികളും രക്ഷിതാക്കളും പൂർവ്വ വിദ്യാർത്ഥികളും വിദ്യാലയ അഭ്യുദയകാംക്ഷികളും സ്ഥലത്തെ സാമൂഹിക-സാംസ്കാരിക പ്രവർത്തകരും ചേർന്ന് പരസ്പരം കൈകോർത്ത് സ്കൂളിന് വലയം തീർത്തുകൊണ്ട് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ പ്രതിജ്ഞ എടുത്ത് .യജ്ഞത്തിന് തുടക്കം കുറിക്കേണ്ടതാണ്. പൊതുവിദ്യാലയങ്ങളെ തങ്ങൾ സംരക്ഷിക്കുമെന്നും മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും സ്വാധീനത്തിൽ നിന്നും വിദ്യാർത്ഥികളെ സംരക്ഷിക്കുമെന്നും വിദ്യാലയ അന്തരീക്ഷത്തെ പ്ലാസ്റ്റിക് മാലിന്യ വിമുക്തമാക്കുമെന്നും ജൈവവൈവിധ്യത്തിന്റെ തണലും തണുപ്പും നൽകി വിദ്യാലയങ്ങളെ ഹരിതാഭമാക്കുമെന്നുമുള്ള ആശയങ്ങളുൾക്കൊള്ളുന്നതാ

യിരിക്കണം പ്രതിജ്ഞ. ഇതിനായി വിദ്യാഭ്യാസ വകുപ്പ് ആവിഷ്ക്കരിച്ച പ്രതിജ്ഞ ഇതോടൊപ്പം ചേർക്കുന്നു.

പരസ്പരം കൈകോർത്ത് പ്രതിജ്ഞ എടുത്തശേഷം ഉദ്ഘാടന നടപടികൾ അവസാനിപ്പിക്കാവുന്നതാണ്. അധ്യയനത്തെ ബാധിക്കുന്ന തരത്തിൽ മൈക്ക് ഉപയോഗിച്ച് യോഗങ്ങൾ നടത്തുകയോ പ്രസംഗങ്ങൾ നടത്തുകയോ ചെയ്യേണ്ടതില്ല.

പൊതുവിദ്യാലയസംരക്ഷണയജ്ഞമെന്ന മഹത് സംരംഭത്തിന് തുടക്കം കുറിക്കുന്ന ഈ ചടങ്ങ് നിശ്ചിത സമയത്തുതന്നെ എല്ലാ വിദ്യാലയങ്ങളിലും ഫലപ്രദമായി നടത്തുന്നതിന് പ്രധാന അധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്. എ.ഇ.ഒ. മാരും, ഡി.ഇ.ഒ. മാരും ഇതിനു മേൽനോട്ടം വഹിക്കേണ്ടതാണ്. എ.ഇ..ഒ., ഡി.ഇ.ഒ., വിദ്യാഭ്യാസഉപഡയറക്ടർ എന്നിവർ അവരുടെ പ്രവർത്തന പരിധിയിലുള്ള ഏതെങ്കിലും ഒരു വിദ്യാലയത്തിൽ നടക്കുന്ന ഉദ്ഘാടന പരിപാടിയിൽ പങ്കെടുക്കേണ്ടതാണ്. പൊതുവിദ്യാലയസംരക്ഷണയജ്ഞം ഉദ്ഘാടനം സംബന്ധിച്ച് ബാനർ തുണിയിൽ തയ്യാറാക്കി വിദ്യാലയങ്ങളുടെ മുൻഭാഗത്ത് പ്രദർശിപ്പിക്കേണ്ടതാണ്. ബാനറിന്റെ മാതൃക നൽകുന്നതാണ്.

അവരവരുടെ പരിധിയിൽ ഉള്ള എല്ലാ വിദ്യാലയങ്ങളിലും മേൽപ്പറഞ്ഞ മാതൃകയിൽ ഉദ്ഘാടന ചടങ്ങ് നടത്തിയതായി ബന്ധപ്പെട്ട വിദ്യാഭ്യാസവകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതും വിദ്യാഭ്യാസജില്ലാതലത്തിലും റവന്യൂജില്ലാതലത്തിലും ഇതു സംബന്ധിച്ച റിപ്പോർട്ട് ക്രോഡീകരിച്ച് വിദ്യാഭ്യാസ ഉപഡയറക്ടർമാർ 27-01-2017-ന് വൈകുന്നേരം 5 മണിക്കുമുമ്പായി ഡി.പി.ഐ. സീക്രട്ട് സെക്ഷനിലേക്ക് മെയിൽ അയയ്ക്കേണ്ടതാണ്.

(ഒപ്പ്)

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്,

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാരും
എല്ലാ എസ്.എസ്.എ. ജില്ലാ പ്രോഗ്രാം ആഫീസർമാരും

} ഈ സർക്കുലർ ബന്ധപ്പെട്ട വിദ്യാഭ്യാ ആഫീസർമാർ അവരവരുടെ പരിധിയിൽ ഉള്ള സ്കൂളുകളിൽ എത്തിക്കേണ്ടതും സർക്കുലറിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ആയതിലേക്ക് ഡി.ഇ.ഒ. മാർ അടിയന്തിരമായി പ്രധമാധ്യാപകയോഗം വിളിച്ചുകൂട്ടി നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

## പ്രതിജ്ഞ

പൊതുവിദ്യാലയങ്ങൾ ഈ നാടിന്റെ സൗഭാഗ്യമാണ്. നമ്മുടെ മതേതര ജീവിതത്തിന്റെ പ്രതീകങ്ങളാണ്. ധനികനെന്നോ ദരിദ്രനെന്നോ ഭേദമില്ലാത്ത ഈ അക്ഷരമുറ്റങ്ങളിലാണ് നമ്മുടെ ബാല്യകൗമാരങ്ങൾ പിന്നിട്ടത്. നമ്മളെ ന്നാണെന്ന ബോധം നമുക്ക് പകർന്നുകിട്ടിയത് പൊതു വിദ്യാലയങ്ങളുടെ അകത്തളങ്ങളിൽ നിന്നാണ്. പൊതുവിദ്യാഭ്യാസത്തിന്റെ കരുത്തിലാണ് നമ്മൾ ലോകത്തോളം വളർന്നത്. മാനവികതയുടെ മഹാമൂല്യങ്ങളാണ് ഈ മതേതരപൊതുമണ്ഡലത്തിന്റെ മഹത്വം. നമ്മുടെ ചിന്തകർക്കും ബോധ്യങ്ങൾക്കും അറിവിന്റെ തിളക്കം നൽകിയ പൊതു വിദ്യാഭ്യാസ മേഖലയെ തകരാനനുവദിച്ചുകൂട. മദ്യവും മയക്കുമരുന്നും നമ്മുടെ കുട്ടികളെ വഴിപിഴപ്പിച്ചുകൂട. ഇവയുടെ വർദ്ധിച്ചുവരുന്ന സ്വാധീനങ്ങളിൽനിന്നും ഉപൊതുകലാലയങ്ങളെ നാം സംരക്ഷിക്കും. ഇവ സ്കൂളുകളിൽ വിതരണം ചെയ്യാൻ ശ്രമിക്കുന്ന സാമൂഹ്യവിരുദ്ധശക്തികളെ കണ്ടെത്തി ഒറ്റപ്പെടുത്തും. നമ്മുടെ ഭൂമിക്ക് വിനാശകരമായ പ്ലാസ്റ്റിക് മാലിന്യങ്ങൾക്ക് ഇനി ഈ അക്ഷരമുറ്റങ്ങളിൽ സ്ഥാനമുണ്ടാകില്ല. വിദ്യാലയങ്ങളെ പൂർണ്ണമായും പ്ലാസ്റ്റിക് വിമുക്തമാക്കി ഞങ്ങൾ നിലനിർത്തും. ജൈവവൈവിധ്യതയുടെ തണലും തണുപ്പും നൽകി വിദ്യാലയ അന്തരീക്ഷം ഹരിതാഭമാക്കും. കുട്ടികളെ നാടിനും വീടിനും ഉതകുന്ന നല്ല മനുഷ്യരാക്കി മാറ്റാനുള്ള പഠനപ്രവർത്തനങ്ങൾക്ക് എല്ലാ പിന്തുണയും നൽകും. എല്ലാതരം തിന്മകളിൽനിന്നും പൊതുവിദ്യാലയങ്ങളെ അകറ്റി നിർത്തും. കേരളീയ സാമൂഹ്യവികാസത്തിന്റെ അടിയത്തറയായ നമ്മുടെ പൊതുവിദ്യാഭ്യാസ മേഖലയെ മികവിന്റെ കേന്ദ്രങ്ങളാക്കാനുള്ള മഹായജ്ഞത്തിന് ഇന്ന് തുടക്കം കുറിക്കുന്നു. നാടിന്റെ നന്മ കാക്കാനുള്ള ഈ ജനകീയ യജ്ഞത്തിൽ ഒറ്റമനസ്സോടെ അണിചേരുമെന്ന് ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു. പ്രതിജ്ഞ പ്രതിജ്ഞ പ്രതിജ്ഞ'